# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വോർക്കാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/203/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 17/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വോർക്കാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/203/2022 തീയ്യതി: 17/03/2022

# കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 15-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ദ എച്ച്.ഓഡിറ്റ് ഓഫീസർ

ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീ.എം.ബാബു ,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അബ്ദുൽ മജീദ്.ബി.എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാജേശ്വരി.ബി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാധകൃഷ്ണ പിള്ളെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| തിമ്മ കുഡിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഷഫീക്.എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശീബ.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പത്മനാഭ.എം | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| അഖിൽ.കെ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.പ്രവീൺ ആർ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.ഡി.കെ.രാജരാമ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| നമിത.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| പുരുശോത്തമനൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വോർക്കാടി സർക്കിൾ) | 01-04-2019 | 31-03-2020 |
| വിൻസെന്റ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊച്ചുമൊഗരു സർക്കിൾ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2-1 |
| 4 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2-2 |
| 5 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2-3 |
| 6 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2-4 |
| 7 | വാർഷികകണക്കുകളിലെ പൊതുഅപാകതകൾ .<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-3 |
| 9 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)<br>Written By: Jayananda. H (Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-03-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 18-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-9 |
| 15 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-10 |
| 16 | തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-11 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12 |

| | | |
|---|---|---|
| | Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | |
| 18 | ലൈസൻസ് - വാർഡ് വൈസ് ട്രേഡ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-13 |
| 19 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-14 |
| 20 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-15 |
| 21 | ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-16 |
| 22 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-17 |
| 23 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-18 |
| 24 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-03-2022) | 1-19 |
| 25 | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-20 |
| 26 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങുന്നതിലെ അപാകതകൾ-<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 03-03-2022) | 1-21 |
| 27 | പശു വളർത്തൽ പദ്ധതി/ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-22 |
| 28 | ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Babu M (Senior Grade Auditor, On 22-02-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 15-03-2022) | 1-23 |
| 29 | നെൽകൃഷി കൂലി ചെലവ് പദ്ധതി നിർവ്വഹണം<br>Written By: Babu M (Senior Grade Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 1-24 |
| 30 | സാക്ഷരതാ മിഷന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം -പരിശോധനക്ക് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 08-03-2022) | 1-25 |
| 31 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-26 |
| 32 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് | 1-27 |

| | | |
|---|---|---|
| | വിധേയമാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | |
| 33 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 22-02-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 23-02-2022) | 1-28 |
| 34 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Gopalakrishna Nayik (Audit Officer, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-29 |
| 35 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Gopalakrishna Nayik (Audit Officer, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 23-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 23-02-2022)<br>Last Updated By: Jayananda. H (Audit Officer, On 23-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: Jayananda. H (Audit Officer, On 16-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: Jayananda. H (Audit Officer, On 16-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 23-02-2022)<br>Last Updated By: Jayananda. H (Audit Officer, On 04-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: Jayananda. H (Audit Officer, On 16-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-03-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 16-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 04-03-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1(1)/തീയതി 13-02-2019 | 1/2തീയതി 30-03-2020 |
| മുന്നിരിപ്പ് | 1,26,36,127 | 1,18,60,740 |
| വരവ് | 16,06,05,800 | 14,62,08,100 |
| ആകെ | 17,32,41,927 | 15,80,68,840 |
| ചെലവ് | 14,57,20,960 | 15,74,23,218 |
| നീക്കിയിരിപ്പ് | 2,75,20,967 | 6,45,622 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-2 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ

1) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇ.എം.ഡി. തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീറ്റെൻഷൻ തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേമെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

### 1-2-3 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ്

അക്കൗണ്ടിൽ ₹2,74,437/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

1-2-4 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-5 വാർഷികകണക്കുകളിലെ പൊതുഅപാകതകൾ .

വോർക്കാടി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. മുൻ വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ച ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

2.ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ മൂല്യം കണക്കാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഫിക്സ്സഡ് അസറ്റ്സിന്റെയും സ്റ്റോക്കിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും മൂല്യനിർണ്ണയം നടത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

4. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) വാർഷികക്കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

5. ബിൽഡിംഗ് ഡെപ്പോസിറ്റ്, ബിൽഡിംഗ് റഗുലറൈസേഷൻ എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ ഒത്തു നോക്കുവാൻ സാധിച്ചിട്ടില്ല.

6. Liability In Respect Of Stale Cheques (350800101) 9575 രൂപ എന്താണെന്ന് രേഖകൾ ഹാജരാക്കിയിട്ടില്ല.

7. ട്രഷറി ടി.എസ്.ബി, തനതു ഫണ്ട് ബാങ്ക് അക്കൗണ്ട് എന്നിവയിൽ കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ട പല ഫണ്ടുകളും നിക്ഷേപിച്ചിരിക്കുന്നു. വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ പ്രത്യേകം അക്കൗണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്. തനതു ഫണ്ട് അക്കൗണ്ട് പ്രത്യേകം നില നിർത്തേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇതര ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഫണ്ടുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. മുൻകൂർ രജിസ്റ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

9. RP -31 പ്രകാരമുള്ള വരവുകളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

10. Secured Loan – ഷെഡ്യൂൾ ബി-5

കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പ ഇനത്തിൽ തൻവർഷം ലഭിച്ച തുക, ആകെ ലഭിച്ച തുക / ബാധ്യത, തിരിച്ചടവ് ഉടങ്ങിയവ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

11. ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഫ്രണ്ട് ഓഫീസ് വഴി രശീത് ചെയ്യാതെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തുകയാണ് ചെയ്യുത്. ഇത് ശരിയായ രീതിയല്ല. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നത് ഫ്രണ്ട് ഓഫീസ് വഴി ആയി ക്രമീകരിക്കേണ്ടതാണ്.

12. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 87,64,327 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

13. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. നിയമാനുസൃതം സെക്രട്ടറി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്ററുകൾ (ഫർണിച്ചർ, സ്റ്റോർ മറ്റ് ആസ്തികൾ തുടങ്ങിയവ സംബന്ധിച്ചവ) തയ്യാറാക്കേണ്ടതും നിശ്ചിത കാലയളവിൽ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അത്തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

15. ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. റവന്യൂ വകുപ്പിൽ ഭൂനികുതി അടച്ചതായി കാണുന്നില്ല.

16. G.O.Project മുഖേനയുള്ള ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

17) കാഷ് ബുക്ക്, ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

18) വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം ₹6,60,000 വരവും ചെലവും ഉണ്ടെങ്കിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചേർത്തിട്ടില്ല.

19) വസ്തു നികുതിയിൽ വാർഷിക കണക്കിലെയും, സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്, കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.

20) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീക്കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

21) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

22) ബാലൻസ് ഷീറ്റ് B11-(a) ഷെഡ്യൂൾ പ്രകാരം Capital Work In Progres ഇനത്തിൽ ബുക്ക് ചെയ്ത തുക പൂജ്യം രൂപയാണ്. എന്നാൽ, അസി. എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 3,50,172/- രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

23) I-18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന Prior Period Ites -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിവരണം | തുക (₹) |
|---|---|---|
| 1 | Prior Period Income-Property Tax On Residential Buildings. | 2,74,437/- |
| 2 | Prior Period Income-Property Tax On Non Residential Buildings. | 48,273 |
| 3 | Prior Period Income-other Income | 19,032/- |
| 4 | Prior Period – Establishment Expenses | 17,357/- |

24) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ലൈസൻസ് ഫീസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാന്റ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. തൊഴിൽ നികുതിയുടെ ട്രേഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 2,49,81,332 |
| വരവ് | 4,98,67,235 |
| ആകെ | 7,48,48,567 |
| ചെലവ് | 5,10,54,252 |
| നീക്കിയിരിപ്പ് | 2,37,94,315 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,62,28,559 | 1,62,28,559 | 1,15,42,509 | 46,86,050 | 71.12 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 18,92,000 | 18,92,000 | 13,73,582 | 5,18,418 | 72.59 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 17,53,000 | 17,53,000 | 15,43,606 | 2,09,394 | 88.05 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 89,90,000 | 89,90,000 | 47,60,308 | 42,29,692 | 52.95 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 47,47,000 | 47,47,000 | 23,31,460 | 24,15,540 | 49.11 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,24,53,070 | 1,24,53,070 | 71,33,412 | 53,19,658 | 57.28 |

1) വികസനഫണ്ട്- ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 7,20,588 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട് - എസ്.സി.പി. സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 29,412/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ ഒരു ബിൽ 2,08,234/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസനഫണ്ട് - ടി.എസ്.പി. സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 44,118/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ മൂന്ന ബില്ലുകളിലായി 6,09,016/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

4) സംരക്ഷണ ഗ്രാന്റ് നോൺറോഡ് പട്ടികയിലെ ചെലവു തുക കൂടാതെ 4 ബില്ലുകളിലായി 6,54,856/- രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,08,21,921 | 1,08,21,921 | 1,08,21,921 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 13,44,170 | 13,44,170 | 13,44,170 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 14,99,488 | 14,99,488 | 14,99,488 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 47,60,308 | 47,60,308 | 47,60,308 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 23,31,460 | 23,31,460 | 23,31,460 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 71,33,412 | 71,33,412 | 71,33,412 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 6480 | 6480 | 6480 | 0 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധന സഹായം | 0 | 6,60,000 | 6,60,000 | 6,60,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 2,85,000 | 2,85,000 | 2,85,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 93,09,978 | 1,10,50,300 | 2,03,60,278 | 1,14,81,020 | 88,79,258 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 20,348 | 11,92,340 | 12,12,688 | 3,39,000 | 8,73,688 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 0 | 2,84,389 | 284389 | 2,27,091 | 57,298 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| കേരളോത്സവം | 0 | 20,000 | 20,000 | 20,000 | 0 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,10,50,300/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 1,81,77,286/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,57,51,700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 8,66,11,042 | 127 | 3,46,32,542 | 0 | 115 | 52.47 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 25 | 49,61,204 | 9 | 12,19,123 | 24.57 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 163 | 4,35,27,674 | 79 | 1,70,38,771 | 39.14 |
| 3 | കൃഷി ഓഫീസർ | 6 | 24,79,099 | 5 | 12,22,711 | 49.32 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 9 | 2,13,13,518 | 8 | 69,46,346 | 32.59 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 62,94,813 | 7 | 45,30,930 | 71.97 |
| 6 | വെറ്റിനറി സർജ്ജൻ | 7 | 28,26,000 | 7 | 6,44,440 | 22.80 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 8 | 20,75,000 | 6 | 14,12,493 | 68.07 |
| 9 | പ്രധാനാധ്യാപകൻ | 8 | 15,02,593 | 4 | 5,75,003 | 38.26 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 10,31,141 | 6 | 4,42,725 | 42.93 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 5,00,000 | 1 | 5,00,000 | 100 |
| | ആകെ | 242 | 8,66,11,042 | 127 | 3,46,32,542 | 39.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 20,348 | 11,92,340 | 12,12,688 | 3,39,000 | 8,73,688 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,81,77,286 | 1,81,77,286 | 1,81,77,286 | 0 |
| ആകെ | 20,348 | 1,93,69,626 | 1,93,89,974 | 1,85,16,286 | 8,73,688 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 372 പദ്ധതികളുൾപ്പെടുന്ന 19,93,45,974 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,81,77,286 രൂപയുടെ 362 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 56,550 തൊഴിൽ ദിനങ്ങൾ

സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 173 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6,480 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 4,65,600 | 162 |
| വിധവാ പെൻഷൻ | 58,77,600 | 1990 |
| വാർദ്ധക്യകാല പെൻഷൻ | 75,85,500 | 2158 |
| വികലാംഗപെൻഷൻ | 18,07,400 | 597 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 15,600 | 5 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,60,000 | 22 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-02-2022 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 11,066/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്റ്റുകൾ

മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ച് കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതുംപ്രൊക്യൂർമെന്റ് കമ്മിററിയാണ്.എന്നാൽ പ്രോക്വയർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണ സമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 5 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയ ബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റു ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്യുന്നില്ല. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവ് വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു ഉക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ്

ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-11-2021 മുതൽ 25-11-2021 വരെ | 1-03-2021 മുതൽ 31-10-2021 വരെ | 22-12-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-05-2015 മുതൽ 01-06-2015 വരെ | 2010-11 മുതൽ 2014-15വരെ | 16-07-2015 |

1-11 തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

വോർക്കാടി ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തേക്കുള്ള തൊഴിൽ നികുതി പിരിച്ചെടുത്തത് കാണിക്കുന്ന ഡിമാൻഡ് രജിസ്റ്റർ അപൂർണ്ണമാണ്. ആകെ ഡിമാൻഡ്, പിരിവ് , ബാക്കി എന്നിവ ഉൾപ്പെടുത്തിയ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതുകൊണ്ട് തന്നെ വാർഷിക കണക്കിൽ ഇൻകം & എക്സ്പെൻഡീച്ചറിൽ ഡിമാന്റായി കാണിച്ച 4,76,920 രൂപയുടെയും റസീപ്റ്റ് & പെയ്മെന്റിൽ കാണിച്ച 1,62,760 രൂപയുടെയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല

വോർക്കാടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 5 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ വോർക്കാടി ഗ്രാമ പഞ്ചായത്തിൽ 165 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-14 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1 (ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ വോർക്കാടി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 റേഷൻ കടകൾ നാളിതു വരെയായി

ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 1,77502/- കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമ പഞ്ചായത്തും നാളിതു വരെയായി സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെയാണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നില നിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 03 /18.02.2022 )

1-16 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ

നിർവഹണോദ്യോഗസ്ഥൻ സെക്രട്ടറി

2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന തുക പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0006/2020<br>ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 05/<br>03.09.2019<br>80,960/- | ഐ.കെ.എം.തിരുവനന്തപുരം<br>AC/57047023512 |

ഇപ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാകുന്നതുവരെ 80,960/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 /18.02.2022 )

1-17 തെരുവു വിളക്കുകൾ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്റ്റ് നം. പേര് | S0313/20 തെരുവു വിളക്കുകൾ സ്ഥാപിക്കൽ (Minimast Light) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 10,00000/- രൂപ<br>വികസന ഫണ്ട് - 2,35,000/-<br>C.F.C/1,00000/-<br>തനത് ഫണ്ട് 6,66,500/- |
| ചെലവ് തുക | 9,84,545/- രൂപ |
| ബിൽ നമ്പർ, തീയതി | 2,35,000/-103/07.09.2019<br>84,545/-104/07.09.2019<br>6,65000/-21801006/.01.03.2019 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0313/20 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 13 എണ്ണം (4.50 WATT MINI MAST LED Flood Light With 6 Mtr Pole) , 1 എണ്ണം (4.100 WATT MINI MAST LED Flood Light With 8 Mtr Pole) എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിലെ സ്ഥാപിക്കുന്നത്. തെരുവു വിളക്കുകൾ KREWS (A/C NO. 67256868977) നിന്നും വാങ്ങി സ്ഥാപിക്കുന്നതിന് ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ. KREWS/136/18-19 Dt. 01-02-2019 പ്രകാരം 9,84,545/- തുക കൈമാറിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ 14 പ്രദേശത്ത് സ്ഥാപിച്ച് ഉൾപ്പെടുത്തിയ സംയുക്ത പരിശോധന നടത്തി MINI MAST LED Flood Light സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് MINI MAST LED Flood Light അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് MINI MAST LED Flood Light തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) MINI MAST LED Flood Light ഏതൊക്കെ സ്ഥലത്ത് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് MINI MAST LED Flood Lightന് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. തെരുവു വിളക്കുകൾ സ്ഥാപിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 9,84,545/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി

നം 03 /18.02.2022 )

1-18 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 03 /18.02.2022)

1-19 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018 – DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (1% എസ്.ജി.എസ്.ടി., 1% സി.ജി.എസ്.ടി.) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | ബിൽ നം & തിയതി | ഈടാ ക്കേണ്ട ജി.എസ്.ടി. | ഈടാ ക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|
| 1 | ദിപ്പാ – പാളൂർ റോഡ് കോൺക്രീറ്റ് | മോയിദ്ദീൻ കുഞ്ഞി | 4,03,137/- | 1067/ 06.03.2020 & 2168/ 08.03.2020 | 8,062 | 4,031 |
| 2 | പള്ളദപ്പദവ് – നെക്കിതക്കല റോഡ് കോൺക്രീറ്റ് | രോണി ഡിസൂസ | 3,93,747/- | 1575/ 15.03.20 & 401/ 15.03.2020 | 7,875 | 3,937 |
| 3 | ബോളാർ -കംമ്പ റോഡ് കോൺക്രീറ്റ് | മോയിദ്ദീൻ കുഞ്ഞി | 4,05,614/- | 1006/ 05.03.2020 & 2167/ 08.03.2020 | 8,112 | 4,056 |
| 4 | മുഗളി -സൊടംക്കൂർ റോഡ് കോൺക്രീറ്റ് | അബ്ബാസ് | 3,93,348/- | 20317/ 30.04.2020 & 20319/ 27.04.2020 | 7,867 | 3,933 |

| | | | | | | |
|---|---|---|---|---|---|---|
| 5 | സംരക്ഷണ ബിത്തി തലേക്കി ഉത്തേട്ടു റോഡ് | മോയിദ്ദീൻ കുഞ്ഞി | 1,49,582/- | 2169/ 30.04.2020 | ഇല്ല | 1,495 |
| 6 | കെ.വി.കെ- നീരൊൽ തോട് ചെക്ക് ഡാം | ഇബ്രാഹിം ബി | 1,17,904/- | 1002/ 11.03.2020 | ഇല്ല | 1,179 |
| | | | | | 31,916 | 18,631 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 02 തീയ്യതി :18-02-2022)

1-20 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷത്തിൽ വെറ്റിനറി സർജൻ 6,44,440/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി നം. & പേര്

| ക്രമ നമ്പർ | പദ്ധതി നം & പേര് | ബിൽ നം & തിയതി | NEFT മുഖാന്തിരം നൽകിയ തുക |
|---|---|---|---|
| 1 | 0112/20 ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി | 112/27.04.2020 | 78,572 |
| 2 | 0111/20 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 06/04.03.2020 | 50,000 |
| 3 | 0109/20 പശു വളർത്തൽ പദ്ധതി | 16/16.03.2020 | 2,00000 |
| 4 | 0110/20 പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വനിതകൾക്ക് കറവ പശു വളർത്തൽ | 15/16.03.2020 | 19,863 |
| 5 | 0237/20 വനിതകൾക്ക് കറവ പശുവളർത്തൽ | 109/2020 | 2,00000 |
| 6 | 0238/20 ആട് വളർത്തൽ പദ്ധതി | 282/13.03.2020 | 48,000 |
| 7 | 0128/20 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, പ്രിന്റർ | 8/04.03.2020 | 48,005 |

ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ , പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നമ്പർ. 7 തീയ്യതി

:21-02-2022)

1-21 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങുന്നതിലെ അപാകതകൾ-

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ – വെറ്റിനറി സർജൻ | | |
| 0128/20 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ പ്രിന്റർ | 8/04.03.2020 | 48,005 |

പദ്ധതി പ്രകാരം മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങുന്നതിനായി Kerala State IT Mission (A/C No 79901100003959) In.No 12311/10.12.2019 പ്രകാരം 48,005/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 33,154/- രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് മൃഗാശുപത്രിക്ക് ലഭ്യമാക്കിയത്. 14,851/- രൂപയുടെ പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രിന്റർ ലഭ്യമാകുന്നതുവരെ 14,851/- രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ. 7തീയ്യതി :21-02-2022)

1-22 പശു വളർത്തൽ പദ്ധതി/ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

| ക്രമ നമ്പർ | പദ്ധതി നം. & പേര് | ബിൽ നം& തിയതി | NEFT മുഖാന്തിരം നൽകിയ തുക |
|---|---|---|---|
| 1 | 0109/20 പശു വളർത്തൽ പദ്ധതി | 16/16.03.2020 | 2,00000 |
| 2 | 0110/20 പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വനിതകൾക്ക് കറവ പശു വളർത്തൽ | 15/16.03.2020 | 19,863 |
| 3 | 0237/20 വനിതകൾക്ക് കറവ പശുവളർത്തൽ | 109/2020 | 2,00000 |

മുദ്രപത്രം ഉണ്ടെങ്കിലും കരാർ ഉടമ്പടി അപൂർണ്ണമാണ്. ഗുണഭോക്താക്കൾ ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. പശുവിനെ നൽകുന്നവരുടെ വിവരം കൃത്യമായിരിക്കണം. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ ,പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നമ്പർ. 7തീയ്യതി :21-02-2022)

| | | |
|---|---|---|
| 0112/20ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി | 112/27.04.2020 | 78,572 |
| | 12/16.03.2020 | 2,98,137 |
| | 13/16.03.2020 | 3,11,538 |

ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന സമയത്ത് പാൽ അളന്നതിന്റെ വിവരവും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ. 7 തീയ്യതി :21-02-2022)

1-23 ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം 2019-20 വർഷത്തിൽ നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത

ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് , എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ : 2/2019-20 , തിയ്യതി : 19.08.2019 , ബിൽ തുക : 14,60,000 രൂപ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ഗീത D/Oകമല, തച്ചിപ്പദവ്, പാവൂര് , LIFE ID NO 736742 | 4,00,000 രൂപ | 2,00,000 രൂപ | 2,00,000 രൂപ | തറ നിർമ്മാണം |
| 2 | ഭാരതി W/O ജയശേഖര, തച്ചിപ്പദവ്, വോർക്കാടി LIFE ID NO LF 0802102/14/1180 /13 | 4,00,000 രൂപ | 2,50,000 രൂപ | 1,50,000 രൂപ | മേൽക്കൂര നിർമ്മാണം |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 നെൽകൃഷി കൂലി ചെലവ് പദ്ധതി നിർവ്വഹണം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നം. | അടങ്കൽ തുക | ബിൽ നമ്പർ/തിയ്യതി | ചെലവ് തുക തുക | ഫണ്ട് ഇനം | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് |
| 1 | 8,24,500 രൂപ | 19200652013900606609 /25-10-2019 | 2,82,064/- രൂപ | വികസന ഫണ്ട് (ജനറൽ) | 0104/ 2019-20 | നെൽകൃഷി കൂലി ചെലവ് സബ്സിഡി |
| 2 | | 19200652013900844626 / 20.01.2020 | 2,99,064/- രൂപ | | | |
| 3 | | 19200652013901180165 / 16.03.2020 | 2,43,372/- രൂപ | | | |
| ആകെ | | | 8,24,500 രൂപ | | | |

2019-20 വർഷം നടപ്പിലാക്കിയ നെൽകൃഷി കൂലി ചെലവ് സബ്സിഡി പദ്ധതി പ്രകാരം , ആകെ 8,24,500 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-25 സാക്ഷരതാ മിഷന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം -പരിശോധനക്ക് ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

സാക്ഷരതാ മിഷന് പത്താം ക്ലാസ്സ്/പ്ലസ് ടു തുല്യതാ പരീക്ഷയുടെ ഫീസിനത്തിൽ സാക്ഷരതാ മിഷന് താഴെ ക്കൊടുത്തിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0070/2019 സാക്ഷരതാ മിഷന് പഞ്ചായത്ത് വിഹിതം. | 3/19-20/ 26.02.2020 2,000/- | ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അക്കൗണ്ട് നമ്പർ 5702696123 |
| 2 | പ്രോ.നം.0070/2019 സാക്ഷരതാ മിഷന് പഞ്ചായത്ത് വിഹിതം. | 6/19-20 05.03.2020 3,000/- | ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അക്കൗണ്ട് നമ്പർ 5702696123 |
| 3 | പ്രോ.നം.0155/2019 സാക്ഷരതാ മിഷന് പഞ്ചായത്ത് വിഹിതം. | 5/19-20 26.02.2020 25,000/- | ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അക്കൗണ്ട് നമ്പർ 5702696123 |

ഇപ്രകാരം കേരള സാക്ഷരതാ മിഷൻ സെക്യൂരിറ്റി മിഷന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുകയായ 30,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.06/19-20 തീയതി 19-02-2022)

1-26 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്തിന്റെ വിഹിതമായി താഴെക്കൊടുത്തിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0113/2019 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 18/ 16.12.2019 84,000/- | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തിരുവനന്തപുരം (AC/701011400000134) |

ഇപ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുകയായ 84,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.05/19-20 തീയതി 19-02-2022)

1-27 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല

വോർക്കാടി ഗ്രാമ പഞ്ചായത്തിലെ 25 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യ മിശ്രിതം അമൃത അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, പൊവ്വൽ, മുളിയാർ (അക്കൗണ്ട് നം. 67221730198) എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 9538 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 7,01,043/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ

സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.04/19-20 തീയതി 19-02-2020)

## 1-28 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-29 പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112, 2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുന്നത്, ഒറ്റ തവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ ഒരു ശതമാനവും തുടർന്ന് കരാർ തുകയുടെ രണ്ടു ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്. ഈ വ്യവസ്ഥകൾ കരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ട്. എങ്കിലും താഴെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ, കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം അപേക്ഷ നൽകിയ കരാറുകാരിൽ നിന്നും യാതൊരു വിധ പിഴയും ഈടാക്കാതെ അവസാന ബിൽ തുക നൽകി . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ അടങ്കൽ | കരാറുകാരൻ, ടെണ്ടർ നിരക്ക് (PAC) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക് പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാല താമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ /ചെക്ക് നമ്പർ/ തിയതി/ തുക |
|---|---|---|---|---|---|---|---|
| 0206/19-20 തച്ചിര മുതൽ ചാവടിവയൽ റോഡ് റീ ടാറിംഗ് 4,50,000 | ഖാലിദ് എ.കെ 4,50,000 | AE/ LSGD/ VKD/ 38/ 18-19 27-10-18 | 26-01-19 | 12-6-19 | 4 മാസം 15 ദിവസം | 4476 (1% ,1) | 48/19-20 /21-08-19 തുക 4,29,668 |
| 0226/19-20 മുള്ളി കൊണി ബൈയിൽ റോഡ് | വി.പി. അബ്ബാസ് 2,50,000 | AE/ LSGD/ VKD/70/ 18-19/ 07-01-19 | 06-04-19 | 30-5-2019 | 1 മാസം 24 ദിവസം | 2433 (1% ) | 45/19-20 /05-09-19 തുക 2,38,447 |

| | | | | | | | |
|---|---|---|---|---|---|---|---|
| കോൺക്രീറ്റ് നിർമ്മാണം<br>2,50,000 | | | | | | | |
| 0178/19-20-അമൈ ബോളിയാൽ ഗോടി കുടിവെള്ള പദ്ധതി<br>2,10,000 | വി.പി. അബ്ബാസ്<br>2,05,812 | AE/ LSGD/ VKD/ 100/ 28-3-2018 | 30-06-18 | 9-4-2019 | 9 മാസം 8 ദിവസം | 6174 (3% ,1+2) | 44/19-20/ 05-09-2019 തുക – 2,01,696 |
| 0217/19-20-പാവൂർ കോമ്പഉരി റോഡ് ടാറിംഗ്.<br>3,50,000 | ഖാലിദ് എ.കെ<br>3,50,000 | AE/ LSGD/ VKD/39/ 18-19/ 27-10-18 | 26-1-19 | 27-5-2019 | 4 മാസം | 3499 (1%) | 41/19-20/ 15-09-19 തുക – 3,35,904 |
| 0191/19-20 അരിബയൽ കുടുംബശ്രീ വർക്ക് ഷെഡ് അറ്റകുറ്റപണി.<br>1,70,000 | മൊയിദ്ദീൻ കുഞ്ഞി<br>169440 | AE/ LSGD/ VKD/17/ 18-19/ 10-10-2018 | 9-1-19 | 15-3-19 | 2 മാസം 6 ദിവസം | 1694 (3% ,1+2) | 18/19-20/ 22-07-19 തുക- 1.66,052 |
| 0249/19-20 ഉവേദപടപ്പ് എസ്.ടി കമ്മ്യൂണിറ്റി ഹാൾ<br>5,19,000 | കെ.നാസിർ<br>4,39,253 | AE/ LSGD/ VKD/50 /2018-19 /26-11/2018 | 25-2-2019 | 16-5-2019 | 2 മാസം 17 ദിവസം | 4393 (1% ) | 51/19-20/ 05-09-19 തുക- 421681 |
| | | | | ആകെ | | 22,666 | |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -8/21-02-22)

1-30 കരാറുകാർ നിയമാനസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ/ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ, കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്. ചില പ്രവൃത്തികളിൽ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്ന സമയത്തിനു ശേഷവും ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് നമ്പർ, തിയതി രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാർ വയ്ക്കാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം.0219/19-പൂർഷങ്കോടി മാവിനടി ഡ്രൈനേജ് പൈപ്പ് കൾവർട്ട്<br>കരാറുകാരൻ-നാസർ<br>കരാർ നം, തിയതി-/AE/LSGD/VKD/52 /18-19 Dt-26-11-18<br>തുക- 2,00,000 | നമ്പർ ഇല്ല, തിയതി 22-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- 22-09-2018 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 06-10-18 | 26-11-2018 | 2,000 |
| 2 | പ്രോജക്ട് നം. 0205/19-20 തച്ചിര മുതൽ ചാവടിവയൽ റോഡ് റീടാറിംഗ്<br>കരാറുകാരൻ-ഖാലിദ് എ.കെ<br>കരാർ നം, തിയതി-AE/LSGD /VKD/41-2018 /2019-27-10-2018 | നമ്പർ ഇല്ല, തിയതി 22-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- 22-09-2018 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 06-10-2018 | 27-10-2018 | 3,000 |

| | | | | | |
|---|---|---|---|---|---|
| | കരാർ തുക- 3,00,000 | | | | |
| 3 | പ്രോജക്റ്റ് നം.0188/1920 പി.എച്ച്.സി ബിൽഡിംഗ് പുനരുദ്ധരണം.<br>കരാറുകാരൻ- അബ്ദുൾ ഖാദർ<br>കരാർ നം, തിയതി- AE/LSGD/VKD/37/ 18-19/20-10-18<br>കരാർ തുക- 4,45,328 | നമ്പർ ഇല്ല, തിയതി 25-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- 25-09-2018 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 09-10-2018 | 20-10-2018 | 4,453 |
| 4 | പ്രോജക്റ്റ് നം.0232/ 19-20 നച്ചദപദവ് ബോർവെൽ<br>കരാറുകാരൻ- മൊയിദ്ദീൻ കുഞ്ഞി<br>കരാർ നം, തിയതി- AE/LSGD/VKD/92 /18-19/07-03-2019<br>കരാർ തുക- 90,000 | നമ്പർ ഇല്ല, തിയതി 06-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 06-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 21-01-2019 | 07-03-2019 | 900 |
| 5 | പ്രോജക്റ്റ് നം.0216/ 19-20 പാവൂർ കോമ്പഗുരി റോഡ് ടാറിംഗ്<br>കരാറുകാരൻ- ഖാലിദ് എ.കെ<br>കരാർ നം, തിയതി- AE/LSGD/VKD/40 /18-19/27-10-18<br>കരാർ തുക- 2,50,000 | നമ്പർ ഇല്ല, തിയതി 22-09-18<br>രജിസ്റ്റർ ചെയ്ത തിയതി- 22-09-18 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 06-10-18 | 27-10-18 | 2,500 |
| | | | | | 12,853 |

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 17-02-2022 & 18-02-2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് & നം. | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,50,000 | 0103/20 ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,30,790 | 19210 |
| | | 16,70,000 | 0244/20 ലൈഫ് മിഷൻ ഭവന നിർമ്മാണം | 13,98,490 | 2,71,510 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 50,000 | 0103/20 ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50,000 | 0 |
| | | 32,200 | 0112/20 പാലിന് സബ്സിഡി | 32,200 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച

വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) നം. 68/2018/ തസ്വഭവ, തിയതി 18.05.2018 | 95,58,445 | 74,78,445 + 20,80,000 (ഈ വർഷം ലഭിച്ചത് ) ആകെ = 95,58,445 | 7,94,118 | 87,64,327 |

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | 3.3(1),3(ii) | 15,795 | ബിനോയ് ബോസ്, അസിസ്റ്റന്റ് എഞ്ചിനിയർ | 119010400003/ 14-04-2019 |
| | 3.4 | 19,811 | സന്ദീപ് ചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനിയർ | 119010101550/ 24/07/2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,98,67,235 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,10,54,252 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,94,356 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 80,960 | രാജേശ്വരി ബി., സെക്രട്ടറി |
| 1-17 | 9,84,545 | |
| 1-21 | 14,851 | അഖിൽ കെ., വെറ്ററിനറി സർജ്ജൻ |
| 1-25 | 30,000 | പത്മനാഭ എം., പ്രധാനാധ്യാപകൻ |
| 1-26 | 84,000 | ശീബ ടി.പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 11,94,356 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1990-91 & 1992-93 | LF/KSD. 5/356/2000, തീയ്യതി 17.12.2002 | 4 |
| 1993-94 To 1995-96 | LF/KSD. 6/186/2002, തീയ്യതി 17.12.2002 | 1 |
| 1996-97 | LF/KSD. 6/262/2005, തീയ്യതി 03.03.2006 | 2 |
| 1997-98 | LF/KSD. 4/348/06, തീയ്യതി 22.02.2007 | 5 |
| 1998-99 | LF/KSD. 4/523/06, തീയ്യതി 21.03.2007 | 5 |
| 1999-00 | LF/KSD. 4/576/08, തീയ്യതി 15.12.2008 | 3 |
| 2000-01 | LF/KSD. 6/109/2004, തീയ്യതി 11.08.2004 | 8 |
| 2001-02 | LF/KSD. 6/110/2004, തീയ്യതി 11.08.2004 | 10 |
| 1997-98 | LF/KSD. 4/458/2007, തീയ്യതി 01.08.2007 | 16 |
| 1998-99 | LF/KSD. 4/458/2007, തീയ്യതി 08.05.2007 | 16 |
| 1999-00 | LF/KSD. 4/531/2008 തീയ്യതി 29.10.2008/19.09.2009 | 18 |
| 2000-01 (F) | LF/KSD. 4/532/2008 തീയ്യതി 29.10.2008/08.01.2010 | 8 |

| | | |
|---|---|---|
| 2002-03 (F) | LF/KSD. 4/598/2009, തീയ്യതി 20.10.2009 | 10 |
| 2003-04 (F) | LF/KSD. 4/597/2009, തീയ്യതി 13.05.2010 | 7 |
| 2004-05 | LF/KSD. 4/225 എ/2012, തീയ്യതി 07.04.2012 | 7 (അനന്തര റിപ്പോർട്ട്) |
| 2005-06 | LF/KSD. 4/186/2013, തീയ്യതി 26.03.2013 | 6 (അനന്തര റിപ്പോർട്ട്) |
| 2006-07 | LF/KSD. 4/567/2012, തീയ്യതി 07.08.2012 | 5 (അനന്തര റിപ്പോർട്ട്) |
| 2007-08 | LF/KSD. 4/202/2013, തീയ്യതി 27.03.2013 | 13 (അനന്തര റിപ്പോർട്ട്) |
| 2008-09 & 2009-10 | LF/KSD. 4/193/2013, തീയ്യതി 29.10.2013 | 12 |
| 2010-11& 2011-12 | LF/KSD. 4/176/2014, തീയ്യതി 01.10.2014 | 13 |
| 2012-13& 2013-14 | LF/KSD. 7/272/2015, തീയ്യതി 31.08.2015 | 12 |
| 2014-15 | KSA/KSD.7/724/2016, തിയതി 21.07.2016 | 7 |
| 2015-16 | KSA/KSD.7/1263/2016, തിയതി 22.12.2016 | 15 |
| 2016-17 | KSA/KSD.7/852/2017, തിയതി 17.07.2017 | 15 |
| 2017-18 | KSA/KSD.5/1401/2018, തിയതി 27.12.2018 | 11 |
| 2018-19 | KSA/KSD.5/140/2020 തിയതി 17-03-2020 | 28 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Vorkady Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2551564.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 134610.00 |
| 140000000 | Fee & User Charges | I-4(b) | 340290.00 |
| 150000000 | Sale & Hire Charges | I-5(b) | 279480.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 69036781.00 |
| 171000000 | Interest Earned | I-8 | 462110.00 |
| 180000000 | Other Income | I-9 | 264612.00 |
| | Total Income | | 73069447.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9417270.00 |
| 220000000 | Administrative Expenses | I-11(b) | 919399.00 |
| 230000000 | Operations & Maintenance | I-12(b) | 1876156.00 |
| 240000000 | Interest & Finance Charges | I-13 | 320.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2430943.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32437701.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2922023.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 80960.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16043180.00 |
| 255000000 | Maintenance Projects | I-14(e) | 4678539.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 100000.00 |
| | Total Expenditure | | 70907491.00 |
| | Gross Surplus/ Deficit of income over Expenditure | | 2161956.00 |
| 280000000 | Prior Period Item | I-18 | 321035.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1840921.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Vorkady Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24615645.00 |
| Cash | Cash | RP-40(a) | 365687.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 462670.00 |
| 140000000 | Fees & User Charges | RP-4 | 277440.00 |
| 150000000 | Sale & Hire Charges | RP-5 | 279480.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40844019.00 |
| 171000000 | Interest Earned | RP-9 | 462110.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2614208.00 |
| 350000000 | Other Liabilities | RP-36 | 758786.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 46652.00 |
| 330000000 | Secured Loans | RP-32 | 2080000.00 |
| 340000000 | Deposits Received | RP-34 | 142343.00 |
| 350000000 | Other Liabilities | RP-36 | 141172.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1742355.00 |
| 460000000 | Loans, Advances and Deposits | RP-47 | 16000.00 |
| | Grand total | | 74848567.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2909610.00 |
| 220000000 | Administrative Expenses | RP-12 | 885124.00 |
| 230000000 | Operations & Maintenance | RP-13 | 1854170.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2405943.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13141032.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2547848.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 80960.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 291480.00 |
| 255000000 | Maintenance Projects | RP-20 | 4678539.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 100000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23884.00 |
| 350000000 | Other Liabilities | RP-36 | 5324093.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 320.00 |
| 340000000 | Deposits Received | RP-34 | 126000.00 |
| 350000000 | Other Liabilities | RP-36 | 1611465.00 |
| 410000000 | Fixed Assets | RP-38 | 7105235.00 |
| 412000000 | Capital work in Progress | RP-40 | 4723799.00 |
| 440000000 | Pre-paid Expenses | RP-45 | 2080000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1163750.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23794310.00 |
| Cash | Cash | RP-40(b) | 5.00 |
| | Grand Total | | 74848567.00 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| Vorkady Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6333237.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 725000.00 |
| 312000000 | Reserves | B-3 | 61994486.00 |
| | Total Reserve & Surplus | | 69052723.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7499806.00 |
| | Total Grants, Contributions for Specific Purposes | | 7499806.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8764327.00 |
| | Total Loans | | 8764327.00 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 351069.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2195112.75 |
| | Total Current Liabilities and Provisions | | 2546181.75 |
| | TOTAL LIABILITIES | | 87863038.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 85459801.00 |
| 411000000 | Accumulated Depreciation | B-11 | -31915570.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 53544231.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 8674.00 |
| 431000000 | Sundry Debtors (Receivables) | B-15 | 342113.00 |
| 440000000 | Pre-paid Expenses | B-16 | 8764327.00 |
| 450000000 | Cash and Bank Balance | B-17 | 23794315.00 |
| 460000000 | Loans, Advances and Deposits | B-18 | 1409378.00 |
| | Total Current Assets, Loans and Advances | | 34318807.00 |
| | TOTAL ASSETS | | 87863038.00 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.